**Institute of Human Resources Development**
Government of Kerala
TC 86/1949(2), NH Bypass Junction, Chackai, Pettah.P.O.
Thiruvananthapuram, Kerala - 695 024.
Ph: +91 471 2322985, +91 471 2322501 Fax: +91 471 2322035
web: www.ihrd.ac.in email: director@ihrd.ac.in

ഐ.എച്ച്.ആർ.ഡി./86/2026/ഡിബി1 തീയതി 18.04.2026

## ഐ. എച്ച്. ആർ. ഡി ജെറിയാട്രിക് കെയർ ഡിപ്ലോമ കോഴ്സ് പ്രവേശനം മെയ് 2026

കേരള സർക്കാർ സ്ഥാപനമായ IHRD ജെറിയാട്രിക് കെയറിൽ ഡിപ്ലോമ കോഴ്സ് ആരംഭിക്കുന്നു. നാട്ടിലും വിദേശത്തും വലിയ തൊഴിൽ സാധ്യതയാണ് ഈ കോഴ്സിനുള്ളത്.

ലോകത്താകെ പ്രായമായവരുടെ എണ്ണം വർധിച്ച് കൊണ്ടിരിക്കുന്ന ഈ കാലത്തു അവരുടെ ആരോഗ്യപരമായും മാനസികമായും ആവശ്യങ്ങൾ നിറവേറ്റാൻ പരിശീലനം നേടിയ ആളുകൾക്കു ഡിമാൻഡ് കൂടുന്നു. വയോജനങ്ങൾക്ക് സാധാരണ ആരോഗ്യ പ്രശ്നങ്ങളോടൊപ്പം അൽഷിമേഴ്സ്, ഡിമെൻഷ്യ, ആർത്രൈറ്റിസ്, ഡയബറ്റിസ് തുടങ്ങിയ ദീർഘകാല രോഗങ്ങൾ ഉണ്ടാകാം. ഇവർക്കായി പ്രത്യേക പരിചരണവും സഹാനുഭൂതിയും ആവശ്യമാണ്. ജെറിയാട്രിക് കെയർ കോഴ്സ് പൂർത്തിയാക്കുന്നവർക്ക് ഇന്ത്യയിലും വിദേശത്തും നിറയെ തൊഴിൽ അവസരങ്ങൾ ലഭ്യമാണ്. ആശുപത്രികൾ, ഓൾഡേജ് ഹോമുകൾ, ഹോം കെയർ സേവനങ്ങൾ എന്നിവിടങ്ങളിലും ജോലി ലഭിക്കും. ഇന്നത്തെ അണു കുടുംബ സംവിധാനത്തിൽ പ്രായമായവരെ പരിപാലിക്കാൻ പലർക്കും സമയം കുറവാണ്. പരിശീലനം നേടിയ ജെറിയാട്രിക് കെയർ ഗീവർമാർ കുടുംബങ്ങൾക്ക് വലിയ സഹായമാകും. വയോജനങ്ങളിൽ പലപ്പോഴും ഏകാന്തതയും വിഷാദവും കാണാറുണ്ട്. ജെറിയാട്രിക് കെയർ പരിശീലനം നേടിയവർ അവരുടെ മാനസികാരോഗ്യം മെച്ചപ്പെടുത്താൻ സഹായിക്കുന്നു. ശരിയായ പരിശീലനം ലഭിച്ചവർ രോഗികളുടെ ആരോഗ്യനില മെച്ചപ്പെടുത്താനും അവരുടെ ജീവിത ഗുണമേന്മ ഉയർത്താനും സഹായിക്കും. വയോജനങ്ങളെ മാന്യമായി പരിചരിക്കുന്നത് ഒരു സാമൂഹിക പ്രതിബദ്ധതയാണ്. ഈ കോഴ്സ് സമൂഹത്തിലെ കരുണയും ഉത്തരവാദിത്വവും വളർത്തുന്നു. സാമൂഹിക പ്രതിബദ്ധതയുള്ള ഒരു സർക്കാർ സ്ഥാപനം എന്ന നിലയിൽ ഐ എച് ആർ ഡി ഈ കോഴ്സ് ആരംഭിക്കുകയാണ്.

ഈ കോഴ്സിന് അപേക്ഷിക്കുന്നതിന് അപേക്ഷകർ പ്ലസ് ടു / തത്തുല്യ പരീക്ഷ പാസായിരിക്കണം. മുതിർന്നവരുടെ പരിചരണത്തിന് ആവശ്യമായ ആശുപത്രി പരിശീലനം, വീടുകളിലെ പരിചരണം, പാലിയേറ്റീവ് സേവനങ്ങൾ എന്നിവയിൽ ആവശ്യമായ കഴിവുകൾ വിദ്യാർഥികൾക്ക് നൽകുന്ന രീതിക്കാണ് ഈ കോഴ്സ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് കേരള സർക്കാർ സ്ഥാപനമായ ഐ. എച്. ആർ. ഡി–യുടെ സർട്ടിഫിക്കറ്റ് ലഭിക്കും

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റിന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിൽ മോഡൽ ഫിനിഷിംഗ് സ്കൂൾ (ഫോൺ - 0471-2307733), കൊല്ലം ജില്ലയിൽ കുണ്ടറ കോളേജ് ഓഫ് അപ്ലൈഡ് സയൻസ് (ഫോൺ - 0474 2580866), ആലപ്പുഴ ജില്ലയിൽ മാവേലിക്കര കോളേജ് ഓഫ് അപ്ലൈഡ് സയൻസ് (ഫോൺ -0479-2304494, 8547005046), കാർത്തികപ്പള്ളി കോളജ് ഓഫ് അപ്ലൈഡ് സയൻസ് (ഫോൺ -0479-2485370, 8547005018, പത്തനംതിട്ട ജില്ലയിൽ അടൂർ കോളേജ് ഓഫ് അപ്ലൈഡ് സയൻസ് (ഫോൺ -04734-224076, 8547005045), കോന്നി കോളേജ് ഓഫ് അപ്ലൈഡ് സയൻസ് (ഫോൺ -0468 2382280, 8547005074) കോട്ടയം ജില്ലയിൽ പുതുപ്പള്ളി കോളേജ് ഓഫ് അപ്ലൈഡ് സയൻസ് (ഫോൺ - 0481-2351631, 2351228, Mobile: 8547005040), ഇടുക്കി ജില്ലയിൽ പീരുമേട് കോളേജ് ഓഫ് അപ്ലൈഡ് സയൻസ് (ഫോൺ -04869-232373, Mobile: 8547005041, എറണാകുളം ജില്ലയിൽ മോഡൽ ഫിനിഷിംഗ് സ്കൂൾ (ഫോൺ - 0484 2985252), തൃശ്ശൂർ ജില്ലയിൽ ചേർപ്പ് സെന്റർ ഫോർ അഡ്വാൻസ്ഡ് ടെക്നോളജി ആൻഡ് സ്കിൽസ് 0487-2340234, 8547005089), മലപ്പുറം ജില്ലയിൽ സെന്റർ ഫോർ അഡ്വാൻസ്ഡ് ടെക്നോളജി ആൻഡ് സ്കിൽസ് (ഫോൺ - 0483-2736211), പാലക്കാട് ജില്ലയിൽ അയലൂർ കോളേജ് ഓഫ് അപ്ലൈഡ് സയൻസ് (ഫോൺ -04923-241766, Mobile: 8547005029), കോഴിക്കോട് ജില്ലയിൽ കോഴിക്കോട് കോളേജ് ഓഫ് അപ്ലൈഡ് സയൻസ് (ഫോൺ - 0495-2765154, 8547005044), കണ്ണൂർ ജില്ലയിൽ പിണറായി കോളേജ് ഓഫ് അപ്ലൈഡ് സയൻസ് (ഫോൺ -0490 - 2384480, Mobile: 8547005073), വയനാട് ജില്ലയിൽ മാനന്തവാടി കോളേജ് ഓഫ് അപ്ലൈഡ് സയൻസ് (ഫോൺ -04935- 245484, Mobile: 8547005060, കാസർകോട് ജില്ലയിൽ മഞ്ചേശ്വരം കോളേജ് ഓഫ് അപ്ലൈഡ് സയൻസ് (ഫോൺ -04998-215615, Mobile: 8547005058) എന്നിവിടങ്ങളിൽ 2026 മെയ് മാസം 18-ന് ആരംഭിക്കുന്ന ജെറിയാട്രിക് കെയർ ഡിപ്ലോമ കോഴ്സിലേക്കുള്ള പ്രവേശനത്തിന് അർഹരായവരിൽ നിന്നും ഓൺലൈൻ/ഓഫ് ലൈൻ അപേക്ഷ ക്ഷണിക്കുന്നു.

അപേക്ഷകൾ നേരിട്ടും, www.ihrdadmissions.org എന്ന വെബ്സൈറ്റ് മുഖേനയും സമർപ്പിക്കാവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 150/-+ 18% GST (പൊതുവിഭാഗത്തിനും), 100/-+ 18% GST (സംവരണ വിഭാഗങ്ങൾക്കും) അടയ്ക്കേണ്ടതാണ്. കോഴ്സിന്റെ പ്രോസ്പെക്ടസ് ടി വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷകൾ ഓൺലൈൻ ആയി 04/05/2026 വൈകുന്നേരം നാലു മണി വരെയും, കോഴ്സ് സെന്ററുകളിൽ നേരിട്ട് 05/05/2026 വൈകുന്നേരം 4 മണി വരെയും സമർപ്പിക്കാവുന്നതാണ്. Call Centre No.8547005000.

തിരുവനന്തപുരം

ഡയറക്ടർ